(ഡി) സർക്കാർ അംഗീകൃത ഉദ്ദേശിത വിലയിൽ നിന്നും താല്കാലിക വില്പന വില കൂടുതലാകുന്നതിന് ഉണ്ടായ കാരണങ്ങൾ താഴെ പറയും പ്രകാരമാണ് :

പാറ്റൂർ ഭവനനിർമ്മാണപദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചത് 1994-ലും പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുന്നത് 2000-ലുമാണ്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ സമയത്തുള്ള നിർമ്മാണച്ചെലവും ഭൂമിയുടെ വിലയും നിർമ്മാണഘട്ട (2 വർഷം)ത്തിലേയ്ക്കുള്ള പലിശയും ഉൾപ്പെടുത്തിയാണ് അന്ന് വില നിശ്ചയിച്ചിരുന്നത്. പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന ടെണ്ടർ പ്രീമിയം, വില വർദ്ധന എന്നിവയേക്കാൾ 10% കൂടിയ ടെണ്ടർ വർദ്ധനയും നിർമ്മാണചെലവിൽമേലുള്ള പലിശയും ഭൂമിയുടെ വിലയ്ക്ക് എൽ.എ.ആർ. കേസ് നടത്തി വകയിൽ നഷ്ടപരിഹാരമായി വലിയൊരു തുക നല്കേണ്ടിവരും. കൂടാതെ ഫ്ളാറ്റുകൾക്ക് ഫയർ ഫൈറ്റിംഗ് സംവിധാനം ഡീസൽ, ജനറേറ്റർ സംവിധാനം എന്നിവ ഏർപ്പെടുത്തിയതും ഫ്ളാറ്റുകളുടെ വില്പന വില കൂടുന്നതിനു കാരണമായി ഫ്ളാറ്റുകളുടെ വില പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡിന്റെ പരിഗണനയിലാണ്.

ഹൗസിംഗ് ബോർഡിലെ ശ്രീ. കെ. ജയപ്രകാശിനെതിരെ നടപടി

80 (1330) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹൗസിംഗ് ബോർഡിലെ ആക്കുളം പ്രോജക്റ്റ് ഡിവിഷൻ നമ്പർ മൂന്നിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ജെ. പ്രകാശിനെ നിലവിലുള്ള തസ്തികയിൽ തുടരാൻ നിർദ്ദേശിച്ചുണ്ടായ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കിയോ ;

(ബി) ആക്കുളം പ്രോജക്റ്റ് ഡിവിഷൻ മൂന്ന് എന്ന സെക്ഷൻ ഹൗസിംഗ് ബോർഡ് നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഉത്തരവ് പുറപ്പെടുവിച്ച തീയതി വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഹൈക്കോടതി ഉത്തരവ് ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) പ്രോജക്ടിനുവേണ്ടി സ്ഥലം ഗവൺമെന്റിൽ നിന്നും ടെണ്ടർ ചെയ്തു കിട്ടാത്ത സാഹചര്യത്തിൽ പ്രത്യേക പ്രോജക്ട് ഡിവിഷൻ തല്ക്കാലം നിർത്തിവെച്ച് ജനുവരി 18-ാം തീയതി ഉത്തരവ് പുറപ്പെടുവിച്ചു എങ്കിലും 6-1-2000-ലെ കോടതി ഉത്തരവ് ബോർഡിൽ ലഭിച്ച ഉടൻ ടി ഉത്തരവ് തല്ക്കാലത്തേക്ക് തടഞ്ഞുവെച്ചുകൊണ്ട് ജനുവരി 29-ാം തീയതി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

"സബ്രജിസ്ട്രാർ ഓഫീസുകൾ കംപ്യൂട്ടർവൽക്കരിക്കാനുള്ള നടപടി"

81 (1331) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകൾ കംപ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) കംപ്യൂട്ടർവൽക്കരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ;

(ഡി) ഇതിനുവേണ്ടി എന്തു തുക ചെലവാകുമെന്നും ഇതുമൂലം എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) സ്റ്റാമ്പ് ഡ്യൂട്ടിവെട്ടിപ്പിനെപ്പറ്റി പഠിക്കാൻ നിയോഗിച്ചിരുന്ന വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ജി) ഭൂമിയുടെ താരിഫ്‌വില നിശ്ചയിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഐ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് തുടക്കം കുറിച്ച 'ടോറൻസ് സിസ്റ്റം' ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി&ഡി) സംസ്ഥാനത്തെ മുഴുവൻ സബ്‌രജിസ്ട്രാർ ഓഫീസുകളും രണ്ടു ഘട്ടങ്ങളായി കംപ്യൂട്ടർവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഒന്നാം ഘട്ടത്തിൽ ഓരോ ജില്ലയിലും ഓരോ ഓഫീസ് എന്ന കണക്കിന് തെരഞ്ഞെടുക്കപ്പെട്ട 14 സബ് രജിസ്ട്രാർ ഓഫീസുകൾ കംപ്യൂട്ടർവൽക്കരിക്കാനാണുദ്ദേശിക്കുന്നത്. ഇതിന് 1.304 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ സാമ്പത്തിക വർഷംതന്നെ ഒന്നാം ഘട്ടം നടപ്പിലാക്കാനാണ് ഉദ്ദേശ്യം. രണ്ടാം ഘട്ടത്തിന്റെ മൊത്തം ചെലവ് കണക്കാക്കി വരുന്നതേയുള്ളു. കംപ്യൂട്ടർവൽക്കരണം വഴി, സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നും എൻകംബറൻസ് സർട്ടിഫിക്കറ്റുകൾ, ആധാരങ്ങളുടെ പകർപ്പുകൾ എന്നിവ കാലതാമസം വരാതെ കക്ഷികൾക്ക് ലഭിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) റിപ്പോർട്ടിന്റെ കോപ്പി അനുബന്ധമായി വെച്ചിട്ടുണ്ട്*.

(ജി) ഉണ്ട്.

(എച്ച്) ഭൂമിയുടെ താരിഫ്‌വില നിശ്ചയിക്കാനായി നിയോഗിച്ച വിദഗദ്ധസമിതിയുടെ ശുപാർശ സർക്കാർ അംഗീകരിച്ചു. ശുപാർശയുടെ അടിസ്ഥാനത്തിൽ, വില്ലേജ് തലത്തിലും താലൂക്കുതലത്തിലും കമ്മിറ്റികൾ രൂപീകരിക്കുകയും വില്ലേജ്കമ്മിറ്റി നിശ്ചയിക്കുന്ന ഫെയർവാല്യൂ ഫൈനലൈസ് ചെയ്യുന്നതിനു മുമ്പായി അപ്പീൽ നൽകുന്നതിനു ബന്ധപ്പെട്ട കക്ഷികൾക്ക് അവസരം നൽകുകയും ചെയ്യുന്നതാണ്.

(ഐ) ടോറൻസ് സിസ്റ്റത്തിനെതിരായി ധാരാളം പരാതികൾ ലഭിച്ചതിനാൽ ഈ സമ്പ്രദായം തൽക്കാലം നിർത്തൽ ചെയ്തിരിക്കയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly